പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3055 — 21-06-2013 – ൽ മറുപടിയ്ക്ക്

അഗ്രോ സർവ്വീസ് സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) കർഷക തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കാൻ ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിന് പദ്ധതി രുപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 14 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 35 ബ്ലോക്കുകളിലാണ് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. ഇതിൽ 14 എണ്ണം മാതൃകാ അഗ്രോ സർവ്വീസ് സെന്ററുകളാണ്. ഇവ കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ പ്രവർത്തിക്കും. ഇപ്രകാരം ആവിഷ്കരിച്ച പദ്ധതിയുടെ നടത്തിപ്പിലൂടെ കർഷക തൊഴിലാളി ക്ഷാമം പരിഹരിക്കാൻ കഴിയും. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | 1. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യമായ വിവിധ സേവനങ്ങൾ, നടീൽ വസ്തുക്കൾ, മറ്റ് ഉത്പാദന ഉപാധികൾ എന്നിവ ഒരു കേന്ദ്രത്തിൽ നിന്നും കർഷകന് ലഭ്യമാക്കുന്നു.<br>2. തൊഴിലാളി ക്ഷാമം പരിഹരിച്ച് യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.<br>3. ഫാം ക്ലിനിക്കുകൾ വഴി മണ്ണ്, രോഗ കീടങ്ങൾ എന്നിവ പരിശോധിച്ച് പ്രശ്നം പരിഹരിക്കുന്നു.<br>4. കാർഷിക വായ്പ, വിലനിലവാരം, വിപണനം, കാലാവസ്ഥാ വ്യതിയാനം, എന്നിവ സംബന്ധിച്ച വിവരങ്ങളും വിവിധ സാങ്കേതിക ഉപദേശങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നു.<br>5. കർഷകർക്ക് ആവശ്യമായ യന്ത്ര സാമഗ്രികൾ വാടകയ്ക്ക് ലഭ്യമാക്കുകയും അവയുടെ റിപ്പയർ ജോലികളും ചെയ്തു കൊടുക്കും.<br>6. കാർഷിക അനുബന്ധ മേഖലകളിൽ യുവാക്കൾക്ക് താൽപ്പര്യവും, പ്രാഗൽഭ്യവും ഉറപ്പ് വരുത്തി കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് |

വിവരങ്ങൾ ആധുനിക വിവര സാങ്കേതിക സംവിധാനങ്ങളിലൂടെ കൃഷിക്കാരിലേയ്ക്കും അധികാരികളിലേയ്ക്കും എത്തിക്കുന്നു.

7\. കൃഷി വകുപ്പിന്റെ വിവിധ പദ്ധതി മുഖേനയുള്ള സഹായങ്ങൾ കൃഷിക്കാരിലേയ്ക്ക് ലഭ്യമാക്കുന്നതിന് സഹായിക്കുന്നു.

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ അതാതു സ്ഥലത്തെ സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപന ങ്ങൾ അഗ്രോ സർവ്വീസ് സെന്ററുകളുമായി സഹകരിക്കുന്നു.

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളായിട്ടാണ് അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നത്. ഈ കേന്ദ്രങ്ങളുടെ കീഴിൽ തൊഴിൽസേനയും പ്രവർത്തിക്കുന്നുണ്ട്. ഈ തൊഴിൽ സേനയിൽ 5 പേർ വി.എച്ച്.എസ്.ഇ (കൃഷി) യോഗ്യതയുള്ളവരും 5 പേർ ഐ.റ്റി.ഐ യോഗ്യതയുള്ളവരും ആണ്. ഇവർക്കു വേണ്ട പരിശീലനം കാർഷിക സർവ്വകലാ ശാലയിലെ വിദഗ്ധർ നൽകിവരുന്നു. ഈ സംഘങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതും അവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതും ബ്ലോക്ക്തല ഉന്നതതല കമ്മിറ്റിയാണ്. കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും കൺവീനർ ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടറുമാണ്. പഞ്ചായത്തുതല ജനപ്രതിനിധികൾ ബ്ലോക്ക്തലത്തിലുള്ള കൃഷി ഓഫീസർമാർ, പാടശേഖരസമിതി കൺവീനർമാർ, ബാങ്ക് പ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്. അഗ്രോ സർവ്വീസ് സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി യന്ത്ര സാമഗ്രികൾ, പ്രവർത്തനഫണ്ട് എന്നിവ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ സെന്ററിലും 15 പേർക്കുള്ള വിദഗ്ധ പരിശീലനം കാർഷിക സർവ്വകലാശാല മുഖേന സർക്കാർ ചിലവിൽ നടത്തി ക്കൊണ്ടിരിക്കുന്നു. അഗ്രോ സർവ്വീസ് സെന്ററിൽ ആവശ്യമായ യന്ത്രങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ